>> അനുഭവം

● കെ. ശാഹിർ

# പള്ളിയിൽ വെച്ചൊരു ഡെയ്റ്റിംഗ്!

**(ജോലിയുടെ ഭാഗമായി അമേരിക്കയുടെ കിഴക്കൻ ഭാഗമായ ഫിലാദൽഫിയയിൽ കുറച്ചുകാലം താമസിച്ചപ്പോഴുണ്ടായ ഒരു അനുഭവം)**

**‘ഈ** മസ്ജിദ് ഒന്ന് വിപുലീകരിക്കണം. നമ്മുടെ യുവതീ യുവാക്കൾക്ക് ഇസ്‌ലാമിനെക്കുറിച്ച് അറിവ് പകരാനുള്ള സംവിധാനങ്ങളും പിന്നെ അവർക്ക് ഡെയ്റ്റിംഗിന് വേണ്ട സൗകര്യങ്ങളും എല്ലാം ഒത്തതായിരിക്കണം പുനരുദ്ധാരണം’-മുഹമ്മദ് അസീസ് സാഹിബിന്റെ വാക്കുകൾ കേട്ട് ഞാൻ അന്തിച്ചു നിന്നു. പാശ്ചാത്യനാടുകളെക്കുറിച്ച ചർച്ചകളിൽ എപ്പോഴും പരാമർശിക്കപ്പെടാറുണ്ട് അന്നാട്ടിലെ ലൈംഗിക അരാജകത്വം. അതിനോട് ചേർന്ന് നിരന്തരം കേൾക്കുന്നതാണ്, കല്യാണത്തിനു മുമ്പുതന്നെ ഒന്നിച്ചു താമസിക്കുകയും ശേഷം ആവശ്യമെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യുകയും ആവാം എന്നതിന്റെ ചുരുക്ക രൂപമായ ഡെയ്റ്റിംഗ്. കുറച്ചെങ്കിലും ധാർമിക സദാചാരം ഉള്ളവർക്ക് ആലോചിക്കാൻ പോലുമാവാത്ത ഒരു വല്ലാത്ത നാട്ടുനടപ്പ്. പണ്ടൊരിക്കൽ അന്നാട്ടുകാരനായ സുഹൃത്ത് മകളുടെ ഫോട്ടോ അയച്ചുതന്നപ്പോൾ സ്വാഭാവികമായും കുഞ്ഞിന്റെ അമ്മയായ അദ്ദേഹത്തിന്റെ ഭാര്യയെക്കുറിച്ച് അന്വേഷിച്ചു. ഭാര്യയെന്ന പദം മാത്രം അങ്ങോർക്ക് ഇഷ്ടപ്പെട്ടില്ല. ‘അതെന്റെ സുഹൃത്താണ്, കല്യാണം കഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് ആലോചിക്കുന്നു’ എന്ന് കേട്ട് അന്തിച്ചുനിന്ന അതേ നിൽപാണ് ഇപ്പോൾ അസീസ് സാഹിബിന്റെ മുമ്പിലും നിൽക്കുന്നത്.

ഓഫീസിൽനിന്ന് ഏകദേശം 15 കിലോമീറ്റർ ഉണ്ട് ഡെവോണിലേക്ക്. അമേരിക്കയുടെ ആദ്യ തലസ്ഥാനമായിരുന്ന ഫിലാദൽഫിയക്കടുത്താണീ സ്ഥലം. അവിടെയുള്ള മസ്ജിദുൽ ഹുദയിൽനിന്ന് ജുമുഅ നമസ്കരിച്ച് അസീസ് സാഹിബിന്റെ വാഹനത്തിൽ തിരിച്ച് ഓഫീസിലേക്ക് മടങ്ങവേ പള്ളിയെക്കുറിച്ചും ചുറ്റുവട്ടത്തെ ഇസ്‌ലാമിക പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംസാരത്തിലായിരുന്നു ഞങ്ങൾ. പള്ളിയുടെ കോമ്പൗണ്ടിനോടു ചേർന്ന ജൂത പ്രാർഥനാലയവും മറ്റും അദ്ദേഹം കാണിച്ചുതന്നു. അവരുമായി അദ്ദേഹത്തിനുള്ള വ്യക്തിബന്ധങ്ങൾ വിവരിച്ച ശേഷം, പുതിയ തലമുറയുടെ ഇസ്‌ലാമിക ജീവിതവും ആവശ്യത്തിന് ഇസ്‌ലാമിക പഠനസൗകര്യങ്ങളില്ലാത്തതും അമേരിക്കൻ കുടുംബവ്യവസ്ഥയുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളും ചർച്ചയിൽ കടന്നുവന്നു.

ഏകദേശം 30 വർഷം മുമ്പ് ഹൈദരാബാദിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറിയ ആളാണ് അസീസ് സാഹിബ്. പാകിസ്താനി ഭാര്യയിൽ മൂന്ന് കുട്ടികളുണ്ട് അദ്ദേഹത്തിന്. വളരെ വിനയാന്വിതൻ. ആരെയും ആകർഷിക്കുന്ന പ്രകൃതം. ഡെവോണി(Devon)ലെ മസ്ജിദുൽ ഹുദായുടെ കമ്മിറ്റി വൈസ് പ്രസിഡന്റുമാണദ്ദേഹം. അദ്ദേഹമാണ് എന്നോട് മുസ്‌ലിം യുവതീ യുവാക്കൾക്ക് ഡെയ്റ്റിംഗിന് സൗകര്യമുള്ള തരത്തിൽ പള്ളി വിപുലീകരിക്കാനുള്ള പ്ലാൻ പറഞ്ഞുതരുന്നത്. എങ്ങനെ അത്ഭുതപ്പെടാതിരിക്കും? അദ്ദേഹം തുടരുകയാണ്: “നിങ്ങളെ പോലെ ഒരു സാമുദായിക മുഖം അമേരിക്കൻ മുസ്‌ലിംകൾക്കില്ലാത്തതു കാരണം വിവാഹത്തിന് അനുയോജ്യരായവരെ കണ്ടുപിടിക്കാൻ പുതിയ തലമുറയെ സഹായിക്കാൻ ഇത് അത്യാവശ്യമാണ്. ഇസ്‌ലാമിക പഠനത്തിൽ താൽപര്യമുള്ള യുവതീ യുവാക്കൾക്ക് അതിന് സൗകര്യമൊരുക്കി, ആ ഗ്രൂപ്പിൽനിന്ന് പരിചയപ്പെട്ട് ഇണകളെ തെരഞ്ഞെടുക്കാൻ നമുക്ക് സംവിധാനമൊരുക്കണം.” അപ്പോൾ അതാണ് അദ്ദേഹത്തിന്റെ ഇസ്‌ലാമിക ഡെയ്റ്റിംഗ്. എന്റെ ശ്വാസം നേരെയായി. കുട്ടികളുടെ മേൽ രക്ഷിതാക്കൾക്കുള്ള സ്വാധീനം പരിമിതമായതും ഈ ചിന്തക്ക് കാരണമായതായി ഞാൻ കൂട്ടി വായിച്ചു.

തികച്ചും വ്യത്യസ്ത സാഹചര്യത്തിൽ ജീവിക്കുന്ന അമേരിക്കൻ മുസ്‌ലിമിന്റെ ലളിതവും വേറിട്ടതുമായ നിരവധി കാഴ്ചപ്പാടുകൾ അടുത്തറിയാൻ കഴിഞ്ഞു. മുസ്‌ലിം ലോകത്തിന്റെ നേർമുറികഷ്ണം നിങ്ങൾക്ക് അമേരിക്കൻ പള്ളികളിൽ കാണാം. കറുകറുത്ത ആഫ്രിക്കൻ വംശജർ, വെളുത്ത സായിപ്, ഭൂരിപക്ഷം വരുന്ന ഏഷ്യൻ വംശജർ എല്ലാവരും കൂടിയതാണ് പള്ളിയിലെ സംഗമങ്ങൾ.

കർമശാസ്ത്രത്തിന്റെ ഏടുകളിൽ കാണാത്ത ജീവിതപ്രശ്നങ്ങളുടെ ചൂടുതട്ടി പുറത്തുവരുന്ന വീക്ഷണ വ്യത്യാസങ്ങൾ നിങ്ങൾക്കിവരിൽനിന്ന് വായിച്ചെടുക്കാം. ഇസ്‌ലാമിന്റെ അനന്തമായ വികാസസാധ്യതയുടെ സുന്ദരമായ ഉദാഹരണങ്ങളാണിവ.

അറിഞ്ഞതു പലതും അപക്വമായിരുന്നെന്ന തിരിച്ചറിവ് അസീസ് സാഹിബിന്റെ കൂടെയുള്ള കുറച്ചുകാലത്തെ സഹവാസത്തിൽനിന്ന് കിട്ടി. വിശാലമായ ലോകത്തിന്റെ മാറുന്ന ആവശ്യങ്ങളെ തിരിച്ചറിയാൻ നമ്മുടെ മുഖം അൽപസമയമെങ്കിലും പാശ്ചാത്യ ലോകത്തേക്കും തിരിച്ചുവെക്കേണ്ടതുണ്ട്. ■